ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് GSTIN സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾമൂലമാണ്. റിട്ടേണുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിലവിൽ ലഭ്യമല്ലാത്തതിനാൽ GST റിട്ടേൺ പരിശോധിച്ച് നികുതി അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന്, നിലവിൽ പരിമിതികളുണ്ട്. GST-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടുമെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്കുനീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. ഇതിനെത്തുടർന്ന് ആനുപാതിക നികുതി വർദ്ധന പ്രതീക്ഷിക്കുന്നു. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് വരുന്നു.

(ഇ) ബില്ലുകൾ നൽകാത്ത വ്യാപാരികളേയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാത്തവരേയും കണ്ടെത്തി പ്രസ്തുത മേഖലയിലെ അഴിമതി അവസാനിപ്പിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും കടകളിൽനിന്ന് ബില്ലുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പെട്രോൾ, ഡീസൽ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം

18(462) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വില ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപ്രകാരം ഇന്ധന വിലയിൽ വർദ്ധനവുണ്ടാകുമ്പോൾ സംസ്ഥാന നികുതിയിൽ നിയന്ത്രണം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-6-2018 മുതൽ പെട്രോൾ/ഡീസൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു :

| ഇനം | ലഭിച്ച നികുതി വരുമാനം (തുക കോടിയിൽ) |
|---|---|
| പെട്രോൾ | 3226.91 |
| ഡീസൽ | 3823.3 |

(ഡി) 1-6-2018 മുതൽ പെട്രോൾ/ഡീസൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ നികുതി വരുമാനം**

19(463) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതിനെ തുടർന്ന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽനിന്നും വ്യത്യസ്തമായി ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സംസ്ഥാനത്തെ നികുതി വരുമാനം എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് കണക്കുകൾ സഹിതം അറിയിക്കാമോ;

(സി) നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; ഇതുകാരണം സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly